■ വിംബിൾഡൺ

ഫെഡറർ പുറത്ത്

ലണ്ടൻ : വിംബിൾഡൺ ടെന്നിസിന്റെ പുരുഷ സിംഗിൾസിൽ നിലവിലെ ചാമ്പ്യനും ഒന്നാം റാങ്ക് താരവുമായ റോജർ ഫെഡറർ ക്വാർട്ടർ ഫൈനലിൽ പുറത്തായി. എട്ടാം സീഡ് ദക്ഷിണാഫ്രിക്കൻ താരം കെവിൻ ആൻഡേഴ്സണാണ് നാലുമണിക്കൂർ 13 മിനിട്ട് നീണ്ട പോരാട്ടത്തിൽ ഫെഡററെ അട്ടിമറിച്ചത്. സ്കോർ: 2-6,7-6,7-5,6-4,13-11. ഇന്നലെ നടന്ന ആദ്യ ക്വാർട്ടർ ഫൈനലിൽ ജപ്പാന്റെ കെയ് നിഷി കോറിയെ 6-3, 3-6, 6-2, 6-2ന് തോൽപിച്ച് മുൻ ഒന്നാം റാങ്ക് താരം നൊവാക്ക് ജോക്കോവിച്ച് സെമിയിലെത്തി.

ദ്വിജ് ശരൺ സഖ്യം പുറത്ത്

ലണ്ടൻ : ഇന്ത്യയുടെ ദ്വിജ് ശരൺ ന്യൂസിലൻഡിന്റെ ആർട്ടം സിതാക്ക് സഖ്യം വിംബിൾഡൺ പുരുഷ ഡബിൾസിന്റെ ക്വാർട്ടർ ഫൈനലിൽ തോറ്റ് പുറത്തായി. അമേരിക്കയുടെ മൈക്ക് ബ്രയാൻ - ജാക്ക് സോക്ക് സഖ്യം 7-6, 7-6, 6-7, 6-4 നാണ് ഇന്തോ കിവീസ് സഖ്യത്തെ തോൽപിച്ചത്.

സിന്ധു, പ്രണോയ് പ്രീക്വാർട്ടറിൽ

ബാങ്കോക്ക് : ഇന്ത്യൻ താരങ്ങളായ പി.വി. സിന്ധു, എച്ച്.എസ്. പ്രണോയ്, പി. കാശ്യപ് എന്നിവർ തായ്‌ലൻഡ് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപിന്റെ പ്രീക്വാർട്ടർ ഫൈനലിലെത്തി. സിന്ധു ഇന്നലെ ബൾഗേറിയയുടെ ലിൻഡ സെത്ചിരിയെ 21-8, 21-15ന് കീഴടക്കി. നാലാം സീഡായ മലയാളി താരം പ്രണോയ് 21-16, 21-19ന് സ്പാനിഷ് താരം പാബ്ലോ അബിയാനോയെയാണ് കീഴടക്കിയത്. പരിക്കിൽ നിന്ന് മോചിതനായെത്തിയ കശ്യപ് കാനഡയുടെ ജാസൺ ആന്റുണിഹോ - ഷുയെ 21-15, 21-17 ന് കീഴടക്കി.

റിയാദ് മഹ്റേസ് മാഞ്ചസ്റ്റർ സിറ്റിയിൽ

ലണ്ടൻ : അൾജീരിയൻ താരം റിയാദ് മഹ്റേസ് അടുത്ത സീസണിൽ ഇംഗ്ലീഷ് ക്ലബ് മാഞ്ചസ്റ്റർ സിറ്റിയുടെ കുപ്പായമണിയും. ലെസ്റ്റർ സിറ്റിയിൽ നിന്നാണ് മഹ്റേസ് മാഞ്ചസ്റ്ററിലേക്ക് വരുന്നത്. കഴിഞ്ഞ സീസണിൽ മഹ്റേസ് മാഞ്ചസ്റ്ററിലേക്ക് ക്ലബ്ബുമാറാൻ ശ്രമിച്ചിരുന്നുവെങ്കിലും ലെസ്റ്റർ ചോദിച്ച 80 ദശലക്ഷം പൗണ്ട് നൽകാൻ മാഞ്ചസ്റ്റർ വിസമ്മതിച്ചിരുന്നു. ഇപ്പോൾ 60 ദശലക്ഷം പൗണ്ടിനാണ് മഹ്റേസിനെ മാഞ്ചസ്റ്റർ വാങ്ങിയിരിക്കുന്നത്.

യൂറോ കപ്പിലെടുത്തോളാം !

2020 ലെ യൂറോ കപ്പ് നേടുമെന്ന് ബെൽജിയം കോച്ച് മാർട്ടിനെസ്

കെവിൻ ഡിബ്രൂയാന് ആശ്വാസ ചുംബനം നൽകുന്ന മകൻ

സെന്റ് പീറ്റേഴ്സ് ബർഗ് : ലോകകപിന്റെ സെമി ഫൈനലിൽ തോറ്റതിൽ സങ്കടമുണ്ടെങ്കിലും വരാനിരിക്കുന്നത് ബെൽജിയത്തിന്റെ നാളുകളാണെന്ന് പരിശീലൻ റോബർട്ടോ മാർട്ടിനസ്. 2020ലെ യൂറോ കപിൽ തങ്ങൾ കിരീടം നേടുമെന്നും അദ്ദേഹം പറഞ്ഞു.

ഈ ലോകകപിൽ കറുത്ത കുതിരകളെന്ന മേലങ്കിയണിഞ്ഞാണ് ബെൽജിയം എത്തിയത്. എന്നാൽ രണ്ട് കൊല്ലത്തിന് ശേഷം നടക്കുന്ന യൂറോപിൽ കിരീട സാദ്ധ്യത കൽപിക്കപ്പെടുന്നവരെന്ന് തങ്ങളെ വിശേഷിപിക്കപ്പെടുമെന്നും കോച്ച് പറഞ്ഞു. ബെൽജിയത്തിന്റെ സുവർണ തലമുറയാണ് ഈ ലോകകപിനെത്തിയത്. ഇവർ മിക്കവരും അടുത്ത യൂറോ കപിനും ടീമിലുണ്ടാകുമെന്ന് മാർട്ടിനസ് പറഞ്ഞു.

ഇംഗ്ലീഷ് പ്രിമിയർ ലീഗിലെ മുൻനിര ക്ലബുകളുടെ സൂപർ താരങ്ങളാണ് ഇക്കുറി ബെൽജിയൻ ടീമിൽ അണിനിരന്നത്. മാഞ്ചസ്റ്റർ സിറ്റിയെ പ്രിമിയർ ലീഗ് കിരീടത്തിലേക്ക് നയിച്ച പ്ലേമേക്കർ കെവിൻ ഡിബ്രുയാൻ, ചെൽസിയുടെ സ്റ്റാർ സ്ട്രൈക്കർ ഏദൻ ഹസാഡ്, മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ മൗറാനോ ഫെല്ലൈനി, റൊമേലു ലുക്കാക്കു, മെർട്ടൻസ്, വിദഗ്ദ്ധ തുടങ്ങിയ വരായിരുന്നു ബെൽജിയത്തിന്റെ കുന്തമുന.

ഒരു കളിപോലും തോൽക്കാതെയാണ് ബെൽജിയം സെമിയിലെത്തിയിരുന്നത്. ഗ്രൂപ് ജിയിലെ ആദ്യ മത്സരത്തിൽ പനാമയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് കീഴടക്കിയത്. രണ്ടാം മത്സരത്തിൽ ട്യൂണീഷ്യയെ 5-2 ന് തകർത്തു വിട്ടു. മൂന്നാം മത്സരത്തിൽ ഒൻപത് മാറ്റങ്ങളുമായി ഇറങ്ങി ഇംഗ്ലണ്ടിനെ 1-0ത്തിന് മറികടന്നു.

പ്രീക്വാർട്ടറിൽ ജപ്പാനെതിരെ രണ്ട് ഗോളിന് പിന്നിട്ടു നിന്നശേഷം 3-2 ന് ജയിച്ചു. ക്വാർട്ടറിൽ കരുത്തരായ ബ്രസീലിനെ 2-1 ന് തോൽപിച്ചാണ് സെമിഫൈനലിലേക്ക് മാർച്ച് ചെയ്തത്.

വിജയഗോൾ നേടിയ ഉമിറ്റിറ്റിയെ ഒലിവർ ജിറൗഡ് ചുംബിക്കുന്നു

ഏകദിന അങ്കം തുടങ്ങുന്നു

■ ഇന്ത്യ - ഇംഗ്ലണ്ട് ആദ്യ ഏകദിനം ഇന്ന് നോട്ടിംഗ്ഹാമിൽ

നോട്ടിംഗ്ഹാം : ഇംഗ്ലീഷ് പര്യടനത്തിനെത്തിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ വലിയ കളികൾക്ക് ഇന്ന് തുടക്കമാകുന്നു. ഇന്ന് ഇന്ത്യൻ സമയം വൈകിട്ട് അഞ്ചുമുതലാണ് മൂന്ന് ഏകദിനങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരം നടക്കുന്നത്.

അയർലൻഡിനെയും ഇംഗ്ലണ്ടിനെയും ട്വന്റി - 20 പരമ്പരകളിൽ തോൽപിച്ചശേഷമാണ് ഇന്ത്യൻ ടീം ഏകദിനത്തിലേക്ക് ചുവടുവയ്ക്കുന്നത്. അയർലൻഡിനെതിരായ രണ്ടു മത്സര പരമ്പര തൂത്തുവാരിയ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ മൂന്ന് ട്വന്റി - 20 കളുടെ പരമ്പരയിൽ 2-1 നാണ് വിജയം കണ്ടിരുന്നത്. ഏകദിനങ്ങൾക്ക് ശേഷം ഇംഗ്ലണ്ടുമായി അഞ്ച് ടെസ്റ്റുകളും വിരാട് കൊഹ്ലിയും സംഘവും കളിക്കുന്നുണ്ട്.

2019ലെ ലോകകപ് നടക്കുന്നത് ഇംഗ്ലണ്ടിലാണ്. ഇന്ത്യൻ ടീമിലെ യുവതാരങ്ങൾക്ക് ഇംഗ്ലണ്ടിലെ പിച്ചുമായും കാലാവസ്ഥയുമായി താദാത്മ്യം പ്രാപിക്കാനുള്ള അവസരമാണിത്. അതുകൊണ്ടു തന്നെ യുവതാരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാനാകും വിരാട് കൊഹ്ലിയും രവി ശാസ്ത്രിയും താത്പര്യം കാട്ടുക.

ശിഖർ ധവാൻ, രോഹിത് ശർമ്മ, കൊഹ്ലി എന്നിവരുടെ ടീമിലെ സ്ഥാനത്തിൽ മാറ്റമുണ്ടാകില്ല. നാലാംനമ്പർ ബാറ്റ്സ്മാനായി ലോകേഷ് രാഹുൽ, അജിങ്ക്യ രഹാനെ, മനീഷ് പാണ്ഡെ എന്നിവരിൽ ആരെയെങ്കിലും പരീക്ഷിക്കാൻ സാദ്ധ്യതയുണ്ട്. സുരേഷ്റെയ്നയ്ക്കും അവസരം നൽകിയേക്കും. ഹാർദിക് പാണ്ഡ്യ, ധോണി എന്നിവർ മദ്ധ്യനിരയിലുണ്ടാകും. സ്പിന്നർമാരായ കുൽദീപ് യാദവിനെയും യുസ്വേന്ദ്ര ചഹലിനെയും ഒരുമിച്ച് കളിപിക്കാനും സാദ്ധ്യതയുണ്ട്. പേസർ ജസ്പ്രീത് ബുംറയ്ക്ക് പരിക്കേറ്റതിനാൽ പരമ്പരയുണ്ടില്ല. ഭുവനേശ്വറിന് ഫോമിലേക്ക് തിരിച്ചെത്താനുള്ള അവസരമാണ്. ഉമേഷ് യാദവ്, സിദ്ധാർത്ഥ് കൗൾ എന്നിവരായിരിക്കും മറ്റ് രണ്ട് പേസർമാർ.

ഇയോൻ മോർഗന്റെ നേതൃത്വത്തിലിറങ്ങുന്ന ഇംഗ്ലണ്ട് ടീമിൽ ജോസ് ബട്ട്ലർ, അലക്സ് ഹേൽസ്, ജോണി ബെയർസ്റ്റോ, ജാസൺ റോയ് തുടങ്ങിയ മികച്ച താരങ്ങളുണ്ട്. ആസ്ട്രേലിയയെ ഏകദിന പരമ്പരയിൽ 5-0ത്തിന് ചുരുട്ടിക്കെട്ടിയ ആത്മവിശ്വാസവുമായാണ് ഇംഗ്ലണ്ട് ഇറങ്ങുന്നത്.

തൂത്തുവാരിയാൽ ഒന്നാം റാങ്ക്

- ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പര 3-0 ത്തിന് സ്വന്തമാക്കിയാൽ ഇന്ത്യയ്ക്ക് ഒന്നാം റാങ്കിൽ തിരിച്ചെത്താം.
- 126 പോയിന്റുമായി ഇംഗ്ലണ്ടാണ് ഇപ്പോൾ ഐ. സി. സി റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത്.
- 122 പോയിന്റുമായി ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

■ ഏകദിന ഫിക്സ്ചർ

ജൂലായ് 12 - നോട്ടിംഗ്ഹാം
ജൂലായ് 14 - ലണ്ടൻ
ജൂലായ് 17 - ലീഡ്സ്

വിവിധം

കർക്കടക വാവുബലിക്ക് ഒരുക്കങ്ങൾ തുടങ്ങി

തിരുവനന്തപുരം: കർക്കടകവാവുദിനമായ ആഗസ്റ്റ് 11 ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലും ബലിസ്ഥലങ്ങളിലും വിപുലമായ ഒരുക്കങ്ങൾ നടത്തും. വാവുബലി പ്ലാസ്റ്റിക്മുക്തമാക്കുന്നതിനായി ഗ്രീൻ പ്രോട്ടോകാൾ നടപ്പാക്കും.

തിരുവല്ലം പരശുരാമക്ഷേത്രം, വർക്കല പാപനാശം, ആലുവ ശിവക്ഷേത്രം എന്നിവിടങ്ങളിൽ ക്രമീകരണങ്ങൾക്കായി അടുത്തയാഴ്ച പ്രാദേശിക തലയോഗം ചേരും. കടിവെള്ള വിതരണം ഉറപാക്കും.

പൊലീസ്, ഫയർഫോഴ്സ്, ആശുപത്രി, കെ. എസ്. ആർ. ടി. സി എന്നീ വകുപ്പുകളുടെ സഹായ മഭ്യർത്ഥിക്കും.

കൂടുതൽ ദേവസ്വം ബോർഡ് ജീവനക്കാരെ ഡ്യൂട്ടിക്കായിനിയോഗിക്കും, ബലികടവുകൾ വൃത്തിയാക്കും, പ്ലാസ്റ്റിക് വിമുക്തമാക്കും, ബലിതർപണത്തിനായി കൂടുതൽ ശാന്തിക്കാരെ നിയോഗിക്കും.

മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് ശബരിമല, പമ്പ, നിലയ്ൽ എന്നിവിടങ്ങളിൽ സ്റ്റാളുകളും ഹോട്ടലുകളും അനുവദിക്കുന്നതിനുള്ള ഇ-ടെൻഡറുകൾ പൂർത്തിയായി. പ്രസിഡന്റ് എ.പത്മകുമാർ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബോർഡ് അംഗം കെ. പി ശങ്കരദാസ്, ദേവസ്വം കമ്മിഷണർ എൻ. വാസു, ദേവസ്വം സെക്രട്ടറി ജയശ്രീ തുടങ്ങിയവർ സംബന്ധിച്ചു.

റോസ് വെല്ലിന്റെ മാതൃക കൊച്ചി കാൻസർ സെന്ററിൽ ലഭ്യമാക്കും

തിരുവനന്തപുരം: ലോകത്തിലെ ആദ്യ കാൻസർ സെന്ററായ അമേരിക്കയിലെ ബഫല്ലോയിലെ 'റോസ് വെൽ പാർക്ക് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരോഗ്യ മന്ത്രി കെ. കെ. ശൈലജ സന്ദർശിച്ചു. ഓങ്കോളജി വിഭാഗം ചെയർമാൻ ഡോ. സായ് എണ്ടാമോറിയുടെ ക്ഷണപ്രകാരമായിരുന്നു സന്ദർശനം. കേരളത്തിന് സ്വീകരിക്കാൻ കഴിയുന്ന കാൻസർ രോഗ ചികിത്സയുടെ നൂതന സാദ്ധ്യതകൾ ഡോ. സായ് എണ്ടാമോറിയുമായി മന്ത്രി ചർച്ച ചെയ്തു.

കൊച്ചിൻ കാൻസർ സെന്ററിന്റെ തലപ്പത്ത് സർക്കാർ നിയമിച്ച ഡോ. മോനി കുര്യാക്കോസ് സുപ്രധാന പദവി വഹിച്ചിരുന്ന സ്ഥാപനം കൂടിയാണ് റോസ് വെൽ പാർക്ക് ഇൻസ്റ്റിറ്റ്യൂട്ട്. കൊച്ചിൻ കാൻസർ സെന്ററിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും മാർഗനിർദ്ദേശവും ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡോ. മോനി കുര്യാക്കോസ് മുഖേന ലഭ്യമാക്കാൻ ശ്രമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

അത്താഴം കഴിക്കാൻ വിളിക്കുന്നതും വാട്സാപ്പിലൂടെ: നടൻ കാർത്തി

തിരുവനന്തപുരം: അത്താഴമായി, എന്ന് അമ്മമാർ മക്കളെ അറിയിക്കുന്നതും ഇപ്പോൾ വാട്സാപ്പിലൂടെയാണെന്ന് തമിഴ് നടൻ കാർത്തി പറഞ്ഞു. വിളിച്ചാൽ കേൾക്കില്ല, എല്ലാവരുടെയും ചെവിയിൽ ഹെഡ്സെറ്റ് കാണും. കുടുംബജീവിതത്തിന്റെയും നാട്ടുജീവിതത്തിന്റെയും നന്മയും നൊസ്റ്റാൾജിയയുമാണ് വാട്സാപ്പ വഴി ഏറ്റവും കൂടുതൽ ഷെയർ ചെയ്യുന്നത് എന്നതാണ് അതിനെക്കാൾ കൗതുകമെന്നും കാർത്തി പരിഹസിച്ചു.

തന്റെ പുതിയ ചിത്രമായ 'കടൈകുട്ടി സിങ്കം' ത്തിന്റെ റിലീസിനു മുന്നോടിയായി നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു നടികർ സംഘത്തിന്റെ ട്രഷറർ കൂടിയായ കാർത്തി.

അഭിനേതാക്കൾക്ക് ഒരു പ്രശ്നം ഉണ്ടായാൽ സ്വന്തം കുടുംബത്തിലെ വഴക്കുപോലെ പരിഹരിക്കമെന്നും നടിക്കാണ് പ്രശ്നം ഉണ്ടാകുന്നതെങ്കിൽ അവർക്ക് മറ്റാരെക്കാളും കൂടുതൽ സംരക്ഷണം നൽകുമെന്നും 'അമ്മ' യിൽനിന്നും നാലു നടിമാർ രാജിവച്ച സംഭവത്തെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടിയായി കാർത്തി പറഞ്ഞു.

തമിഴ്നാട്ടിൽ ഉൾപ്പെടെ എല്ലായിടത്തും കൃഷികുറഞ്ഞുവരികയാണ്. എന്നാൽ, എന്റെ ഒരു സുഹൃത്ത് ഐ. ടി രംഗം ഉപേക്ഷിച്ച് കൃഷിക്കാരനായി. അഞ്ച് ലക്ഷം രൂപ കിട്ടിയ സ്ഥാനത്ത് ഒരു ലക്ഷം മാത്രമേ കിട്ടുകയുള്ളവെങ്കിലും നഷ്ടപ്പെട്ട ആരോഗ്യവും യൗവനവുംതിരിച്ചുകിട്ടിയെന്നാണ് അയാൾ പറയുന്നത്.

മറ്റൊരാൾ ആട്വളർത്തൽ തുടങ്ങി. ഇപ്പോൾ അയാൾക്ക് കൊളസ്ട്രോളുമില്ല, ഷുഗറുമില്ല. കടൈകുട്ടി സിങ്കത്തിൽ കൃഷിക്കാരനായി അഭിനയിക്കുന്ന കാർത്തി പറഞ്ഞു.

സംവിധായകൻ പാണ്ഡ്യരാജ്, നടി അർത്ഥന എന്നിവരും സംസാരിച്ചു. കാർത്തിയുടെ ജ്യേഷ്ഠൻ നടൻ സൂര്യയാണ് ചിത്രം നിർമ്മിക്കുന്നത്.

കടൈകുട്ടി സിങ്കം സിനിമയുടെ പ്രചരണാർത്ഥം തിരുവനന്തപുരം ഫൈസിന്ത് ഹോട്ടലിൽ നടന്ന പത്രസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ നടൻ കാർത്തി നടി അർത്ഥനയ്ക്കും സംവിധായകൻ പാണ്ഡ്യരാജിനുമൊപ്പം

പ്രാർത്ഥനയ്ക്ക് കിട്ടി, അഭിനയമികവിന്റെ ഫലം

▸ഇ.പി. രാജീവ്

മാള: മ്മ്ടെ 'പ്രാർത്ഥന' സ്റ്റാറാ... ആരാം ക്ലാസുകാരി മിടുമിടുക്കി. അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച ബാലതാരത്തിനുള്ള അവാർഡ് ലഭിച്ചതിന്റെ നിറവിലാണ് ഈ ബാലതാരം. ഏഴ് സിനിമകളിൽ അഭിനയിച്ച പ്രാർത്ഥനയ്ക്ക് ഖരം എന്ന സിനിമയിലെ പ്രകടനത്തിനാണ് മികച്ച ബാലതാരത്തിനുള്ള അവാർഡ് ലഭിച്ചത്. ബെൽജിയത്തിൽ നടന്ന മൂവ് മി അന്താരാഷ്ട്ര ചലച്ചിത്ര മേളയിലാണ് അംഗീകാരം.

ഓണത്തിന് തിയേറ്ററുകളിലെത്തുന്ന ഖരം 1970 കാലഘട്ടത്തിലെ ജന്മി-കുടിയാൻ ബന്ധത്തിന്റെ കഥ പറയുന്നു. ഡോ. പി.വി. ജോസ് സംവിധാനം ചെയ്ത സിനിമയിൽ ജന്മിയുടെ മകളായാണ് പ്രാർത്ഥന അഭിനയിച്ചത്.

പ്രാർത്ഥന

മമ്മൂട്ടി ചിത്രമായ ഗ്രേറ്റ് ഫാദർ, പുള്ളിക്കാരൻ സ്റ്റാറാണ്, പൈപിൻ ചുവട്ടിലെ പ്രണയം, പ്രേമസൂത്രം, ക്യൂബൻ കോളനി, ഞാൻ മേരിക്കുട്ടി എന്നീ സിനിമകളിൽ ശ്രദ്ധേയ വേഷങ്ങൾ ചെയ്തിട്ടുണ്ട്. എല്ലാ ചിത്രങ്ങളിലും സ്വന്തം ശബ്ദമാണ് കഥാപാത്രങ്ങൾക്ക് നൽകിയിട്ടുള്ളത്. മൂന്ന് മലയാളം സിനിമയിലേക്കും തമിഴിലേക്കും ഓഫർ ലഭിച്ചിട്ടുണ്ട്. ആറ് ഹ്രസ്വ ചിത്രങ്ങളിലും അഭിനയിച്ചു. ഇതിൽ ഫാദർ പ്രോമിസ് എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടികുള്ള ഈ വർഷത്തെ ഡി.എഫ്.എഫ്.കെ, വി.ഐ.പി.ആർ.എ ഇന്റർനാഷ്ണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ അവാർഡും ലഭിച്ചു. ടി.വി പരിപാടികളിലൂടെയാണ് സിനിമാരംഗത്തേക്കു വന്നത്.

മാള വടമ സ്വദേശി കെ. എസ്.ഇ. ബിജീവനക്കാരൻ സന്ദീപിന്റെയും ഉണ്ണിമായയുടെയും ഏക മകളാണ്. പുള്ളിക്കാരൻ സ്റ്റാറാണ് എന്ന ചിത്രത്തിൽ ആശാ ശരത്തിന്റെ കുട്ടിക്കാലം ചെയ്ത് പ്രാർത്ഥനയാണ്.

വർഗീയതയുമായി കൈകോർത്താൽ ബാക്കി ഒന്നുമുണ്ടാവില്ല: ടി. പത്മനാഭൻ

കണ്ണൂർ: പഞ്ചായത്ത് ഭരണം പിടിക്കാനെന്ന ന്യായവുമായി വർഗീയസംഘടനകളോട് കൂട്ടുകൂടിയാൽ മാരകഫലം തന്നെയായിരിക്കുംനേരിടേണ്ടിവരികയെന്ന് കഥാകൃത്ത് ടി. പത്മനാഭൻ പറഞ്ഞു.

മഹാരാജാസ് കോളേജിൽ കൊല്ലപ്പെട്ട അഭിമന്യുവിനെ അനുസ്മരിക്കാൻ എസ്.എഫ്.ഐയും പുരോഗമന കലാസാഹിത്യ സംഘവും ചേർന്ന് ശിക്ഷക് സദനിൽ ഒരുക്കിയ 'അമരസ്മരണ' തീവ്രവാദവിരുദ്ധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗോത്രവർഗക്കാരനായ ആ കുട്ടിയെ എനിക്ക് നേരിട്ട് അറിയില്ല. പക്ഷെ, എല്ലാ സങ്കല്പങ്ങൾക്കും അപ്പുറമാണ് അവൻ. അവനെക്കുറിച്ചുള്ള ചാനൽ കാഴ്ചകൾ കാണുമ്പോൾ ആരും വിതുമ്പിപ്പോവും.

പഠിക്കാനായി ഹോട്ടലിലെ എച്ചിൽപാത്രം കഴുകിയും നാലുകാതുണ്ടാക്കുകയായിരുന്ന അവൻ. ആ കുട്ടിയെ കുറിച്ച് പറഞ്ഞുതുടങ്ങുന്ന ആർക്കും വാക്കുകൾ പൂർത്തിയാക്കാനാവുന്നില്ല. ഒരാളോടു പോലും മോശമായി പെരുമാറിയിട്ടില്ലാത്ത ആ കുട്ടിയെ എന്തിനാണ് കൊന്നുകളഞ്ഞത്?.

മഹാരാജാസ് സംഭവം കലാലയത്തിലെ സംഘർഷമായി കാണാനാവില്ല. വെളിയിൽ നിന്നെത്തിയ പ്രൊഫഷണൽ കൊലയാളികളാണ് ഇതിനു പിന്നിൽ. പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ചാൽ വർഗീയത ഇല്ലാതാകുമെന്ന് കരുതുന്നില്ല. അങ്ങനെയെങ്കിൽ സിമിയുടെ ആശയങ്ങൾ മുമ്പേ ഒടുങ്ങേണ്ടതല്ലേ. നിരോധിച്ചാലും മാരീചവേഷത്തിൽ ഇല്ലുട്ടർ വരും. റോഡ് വീതി കൂട്ടുന്നതിനെതിരായ സമരങ്ങളിൽപോലും ഇവർ നുഴഞ്ഞുകയറുന്നു. പൊലീസിൽ പോലുമുണ്ട് ഇത്തരക്കാർ. ഇതൊന്നും ഇല്ലെന്ന് പറഞ്ഞ് ഉറങ്ങിയാൽ നാളെ ഉണരുമ്പോഴേക്കും ഒന്നും ബാക്കിയുണ്ടാവില്ലെന്നും പത്മനാഭൻ പറഞ്ഞു. എസ്.എഫ്.ഐ ജില്ലാ സെക്രട്ടറി എ. പി. അൻവീർ അദ്ധ്യക്ഷത വഹിച്ചു.

എസ്. എഫ്. ഐയുടെയും പുരോഗമന കലാസാഹിത്യ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ശിക്ഷക് സദനിൽ ഒരുക്കിയ തീവ്രവാദവിരുദ്ധ സംഗമം ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു

മന്ത്രിക്കസേരയിൽ ഫ്രാൻസിന്റെ ആരാധകനായി സുധാകരൻ

▸പി.അഭിലാഷ്

ആലപ്പുഴ: ലോകകപിന്റെ ഫൈനൽ മത്സരത്തിന് ഞായറാഴ്ച പന്തുരുളുമ്പോൾ മന്ത്രി ജി. സുധാകരന്റെ മനസും ഒപ്പം കളിക്കും, ഫ്രാൻസിനെ വിജയകിരീടമണിയിക്കാൻ. ഫ്രാൻസിന്റെ ആരാധകനാണ് മന്ത്രി.

ബ്രസീൽ, അർജന്റീന, റഷ്യ എന്നിവരായിരുന്നു മറ്റ് ഫേവറിസ്റ്റുകൾ. മൂന്ന് ടീമും പുറത്തായത് മന്ത്രിയെ വിഷമിപിച്ചെങ്കിലും ഫ്രാൻസ് ഫൈനലിൽ നിൽക്കുന്നത് മോഹത്തെ പെരുപിക്കുകയാണ്.

സുധാകരൻ ഫുട്ബാൾ പ്രേമിയാണ്. തിരക്കിനിടയിലും ഒട്ടുമിക്ക മത്സരങ്ങളും കണ്ടു. മന്ത്രിസഭയിലെ ഭൂരിപക്ഷം പേരും ബ്രസീലിന്റെയും അർജന്റീനയുടെയും ആരാധകരായപ്പോൾ ഫ്രാൻസിനെയും റഷ്യയേയും കൂടി സുധാകരൻ ഒപ്പം നിറുത്തി.

ഫ്രാൻസ് കപ് നേടുമെന്ന പ്രതീക്ഷയിൽ ഫൈനൽ തിങ്കളിനായി മന്ത്രി കാത്തിരിക്കുകയാണ്.

ലോകകപ് ഫുട്ബാൾ മത്സരം കാണുന്ന മന്ത്രി ജി. സുധാകരൻ

ഫുട്ബാളിനോളം സ്വീകാര്യത ക്രിക്കറ്റിന് ഇല്ലെന്ന് ഫുട്ബാളിന്റെ മഹത്വം വെളിപെടുത്തി സുധാകരൻ പറയുന്നു. ഇന്ത്യയിൽ തരംതാണ രാഷ്ട്രീയത്തിന്റെ തടവറയിലാണ് സ്പോർട്സ്. സ്പോർട്സിന്റെ രാഷ്ട്രീയമാണ് വേണ്ടത്. ഇവിടെ നടക്കുന്നത് രാഷ്ട്രീയത്തിന്റെ സ്പോർട്സും. അതുകൊണ്ടുതന്നെ ഇന്ത്യൻ ഫുട്ബാളിന്റെ ഭാവികണ്ടറിയേണ്ടിവരുമെന്ന് സുധാകരൻ പറയുന്നു.